"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്- ജീവനക്കാര്യം- മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തവരും കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിൽ അക്കൊമൊഡേറ്റ് ചെയ്യപ്പെട്ടതുമായ ജീവനക്കാരുടെ അനോമലി സംബന്ധിച്ച പരാതികൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.36/2026/H&FWD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് (ആക്ട് 13 of 2019).
2. സ.ഉ(കൈ).നം.44/2019/ആ.കു.വ തീയതി, 18/03/2019
3. സ.ഉ(കൈ).നം.131/2020/ആ.കു.വ തീയതി, 09/10/2020
4. സ.ഉ(കൈ).നം.132/2020/ആ.കു.വ തീയതി, 09/10/2020
5. സ.ഉ(കൈ).നം.52/2021/ആ.കു.വ തീയതി, 19/02/2021
6. സ.ഉ(കൈ).നം.348/2025/ആ.കു.വ തീയതി, 13/10/2025

**<u>ഉത്തരവ്</u>**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും, മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019 ലെ 13-ാം ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. കേരള സഹകരണ ആശുപത്രി കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസും അനുബന്ധ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലാക്കി പരമാർശം (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരെ സർക്കാർ സർവീസിലേക്ക് അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി വിവിധ വിഭാഗങ്ങളിലായി പരാമർശം (3),(4),(5),(6) പ്രകാരം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു.

2) 2019-ലെ ആക്ടിന്റെ 12-ാം വകുപ്പിൽ, കൺട്രോൾ ബോർഡിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് തീയതിക്ക് തൊട്ടുമുൻപ്, സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ആക്ട് നിലവിൽ വന്ന ശേഷവും, പ്രസ്തുത ആക്ട് നിലവിൽ വന്നില്ലായിരുന്നെങ്കിൽ ഏതു നിർദ്ദിഷ്ടകാലാവധിവരെ അവർ അവിടെ തുടരുമായിരുന്നോ അതേ

കാലാവധിയിലും, അതേ വേതനത്തിലും, അതേ ഉപാധികളോടും വ്യവസ്ഥകളോടും തുടരുന്നതാണെന്നും, പ്രസ്തുത സ്ഥാപനം സർക്കാരിൽ നിക്ഷിപ്തമായതിനുശേഷം അവരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകാരമോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സർവ്വീസിലേയ്ക്ക് അക്കോമഡേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന, സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും നിയമനം ലഭിക്കുമ്പോൾ അന്ന് കോളേജ് നിശ്ചയിച്ച നിശ്ചിത യോഗ്യതയുണ്ടായിരിക്കുകയും എന്നാൽ 2019-ൽ സർക്കാർ ഏറ്റെടുത്ത സമയം അന്നത്തെ നിശ്ചിത യോഗ്യതയില്ലാത്തവരുമായ ജീവനക്കാരുൾപ്പെടെയുള്ളവരെ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും, മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി റെഗുലർ/ വാനിഷിംഗ്/ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നത്.

3) മുൻ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കൽ തീയതിയിൽ ഓരോ ജീവനക്കാരനും വഹിച്ചിരുന്ന തസ്തിക, ടിയാളുടെ യോഗ്യത, വാങ്ങിക്കൊണ്ടിരുന്ന ശമ്പള സ്കെയിൽ എന്നിവ പരിശോധിച്ച്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത ഉണ്ടോയെന്ന് ഉറപ്പുവരുത്തി, പേ റിവിഷൻ ഉത്തരവുകൾ പ്രകാരമുള്ള തസ്തികകളും ശമ്പള സ്കെയിലുകളും കണ്ടെത്തി, അവ ഏകീകരിച്ചാണ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നത്. ആയതിൻപ്രകാരം ജീവനക്കാരെ സർക്കാർ സർവീസിലേക്ക് അക്കൊമൊഡേറ്റ് ചെയ്യുന്നതിന് വേണ്ടി ടി ജീവനക്കാരുടെ യോഗ്യതയനുസരിച്ച് തസ്തികകൾ പുനർനാമകരണം ചെയ്യുകയും, ജോലി ചെയ്തിരുന്ന തസ്തികകളിൽ നിന്നും ഡൌൺഗ്രേഡ് ചെയ്യുകയും ചെയ്ത ശേഷമാണ് അക്കൊമൊഡേഷൻ നടത്തിയിട്ടുള്ളത്.

4) എന്നാൽ മുൻ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന തസ്തികകളിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതായി ആരോപിച്ച് ചില ജീവനക്കാർ ബഹു. കേരള ഹൈക്കോടതി/ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവിടങ്ങളിലായി വിവിധ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ പലതിലും ഹർജിക്കാരുടെ അക്കൊമൊഡേഷൻ നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് ബഹു. കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, അക്കൊമൊഡേഷൻ നടപടികളുടെ ഭാഗമായി ഓരോ ജീവനക്കാരുടെയും തർക്കങ്ങൾ പ്രത്യേകം പ്രത്യേകം പരിഗണിക്കുന്നത് അപ്രായോഗികമാണെന്ന് സർക്കാർ വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പരാതികൾ/അനോമലി പരിശോധിച്ച് സർക്കാരിന് ശിപാർശകൾ സമർപ്പിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമാണെന്ന് സർക്കാർ കാണുന്നു. കൂടാതെ ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ ജീവനക്കാരുടെ അക്കൊമൊഡേഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കുന്നതിനും, നിയമനടപടികൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് സഹായകരമാകുമെന്നും സർക്കാർ കരുതുന്നു.

5) ഈ സാഹചര്യത്തിൽ,മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തവരും കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിൽ

(റെഗുലർ ,വാനിഷിംഗ് ) അക്കൊമൊഡേറ്റ് ചെയ്യപ്പെട്ടവരുമായ ജീവനക്കാരുടെ അനോമലി സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഉചിതമായ ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നതിനായി താഴെപ്പറയും പ്രകാരം ഒരു അനോമലി കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i).അഡിഷണൽ സെക്രട്ടറി - ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ചെയർപേഴ്സൺ
ii).ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രതിനിധി - അംഗം
iii).നിയമ വകുപ്പിന്റെ പ്രതിനിധി - അംഗം
iv).ധനകാര്യ വകുപ്പിന്റെ പ്രതിനിധി - അംഗം
v).മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ /പ്രതിനിധി - അംഗം
vi).പ്രിൻസിപ്പൽ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് /പ്രതിനിധി - അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ധന / നിയമ / ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകൾ
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (S1/245/2025/H&FWD)

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 02-02-2026 13:44:34
സെക്ഷൻ ഓഫീസർ

പകർപ്പ്:- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്